Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

# സാങ്കേതികതയുടെ ചിറകിലേറി നാഷണൽ ഗെയിംസ്

തിരുവനന്തപുരം 17 സെപ്തംബർ 2014: നാഷണൽ ഗെയിംസിന്റെ താളവേഗങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യയുടെ പൂർണ്ണത. സുതാര്യതയും കൃത്യതയും കാത്തു സൂക്ഷിച്ച് മത്സര വിശദാംശങ്ങൾ തത്സമയം അണുവിടാതെ വിധികർത്താക്കൾക്കും കാണികൾക്കുമെത്തിക്കാൻ ടി.എസ്.ആർ (ടൈമിംഗ് സ്കോറിംഗ് ആന്റ് റിസൾട്ട്) സംവിധാനമുൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിൽ ഉപയോഗപ്പെടുത്തും.

ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് തുടങ്ങിയ അന്തർ ദേശീയ കായിക മേളകളിൽ ഉപ യോഗിച്ചു വരുന്ന സാങ്കേതിക വിദ്യകൾ നാഷണൽ ഗെയിംസിലും സമന്വയിപ്പിച്ച് ഗെയിംസിനെ അപൂർവ്വാനുഭവമാക്കി മാറ്റുകയാണ് സംഘാടകർ.

വിവിധയിനം മത്സരങ്ങളുടെ സ്വഭാവമനുസരിച്ചാകും ആധുനിക സങ്കേതങ്ങൾ ഉപയോ ഗിക്കുന്നത്.

തത്സമയ സ്കോറിംഗുകളും പോയിന്റ് നിലയും പ്രദർശിപ്പിക്കുന്നതിനായി മെട്രിക് സംവിധാനങ്ങൾ ഉപയോഗിക്കും. കൂടാതെ മത്സരങ്ങളുടെ റീപ്ലേകൾ, വീഡിയോ ദൃശ്യ ങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനായി കൂറ്റൻ സ്ക്രീനുകളും ഉണ്ടാകും.

ഗെയിംസിലെ ഗ്ലാമർ ഇനങ്ങളിലൊന്നായ അത്‌ലറ്റിക്സിനായി 5000 ഫ്രെയിമുകൾ ഉൾക്കൊള്ളുന്ന നൂതനമായ ഫോട്ടോ ഫിനിഷ് ക്യാമറ ഉപയോഗിക്കും. ഓട്ടമത്സര ങ്ങൾക്കായി ഇലക്ട്രോണിക്സ് സ്റ്റാർട്ടിംഗ് ഗൺ ലഭ്യമാക്കും. ഫൗൾ സ്റ്റാർട്ടുകൾ തത്സ സമയം അറിയുന്നതിനായി സെൻസറിംഗ് സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തും.



ഷോട്ട്പുട്ട്, ത്രോസ്, ജംപ്സ് തുടങ്ങിയ മത്സരങ്ങളുടെ കൃത്യത അണുവിട തെറ്റാതെ മനസ്സിലാക്കുവാൻ ഇലക്ട്രോണിക് ഡിസ്റ്റൻസ് മെഷറിംഗ് (ഇ.ഡി.എം) സംവിധാനമൊരുക്കും. സൈക്ലിംഗ്, അമ്പെയ്ത്ത്, യോട്ടിംഗ് പോലുള്ള മത്സരങ്ങളിലും ഫലങ്ങളുടെ കൃത്യത പൂർണ്ണമായും ഉറപ്പു വരുത്തുന്നതിനായി ലഭ്യമായതിൽ മികച്ച സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തും.

അക്വാട്ടിക്സിന്റെ സ്കോറിംഗ്, ടൈമിംഗ് എന്നിവ തത്സമയം മിഴിവോടെ പ്രദർശിപ്പിക്കുന്നതിനായി എൽ.ഇ.ഡി മാട്രിക്സ് ഡിസ്പ്ളേ സംവിധാനമാണ് ഒരുക്കുന്നത്. ഏകദേശം 25.7 സെന്റീമീറ്റർ(10 ഇഞ്ച്) വലിപ്പത്തിൽ തയ്യാറാകുന്ന ഈ സംവിധാനം ചുവപ്പ്, പച്ച, നീല തുടങ്ങിയ നിറഭേദങ്ങളിൽ തയ്യാറാകും. ഫൗൾ സ്റ്റാർട്ടുകളും ഫിനിഷിംഗും വ്യക്തമാകുവാൻ അത്യാധുനിക സങ്കേതങ്ങൾ സഹായകമാകും.

ബോക്സിംഗ്, തായ്ക്വോൻഡോ, ഫെൻസിംഗ്, റെസ്‌ലിംഗ് മുതലായ മത്സരങ്ങളിലെ 'കൈയ്യാങ്കളികൾ' കയ്യോടെ പിടിക്കുന്നതിന തത്സമയ റീപ്ലേ സംവിധാനമുണ്ടാകും. ഓരോ പഞ്ചുകളും വ്യക്തമായി നിരീക്ഷിക്കുന്നതിനും പ്രധാന ഭാഗങ്ങൾ പ്രേക്ഷകരിലേക്ക് തത്സമയം എത്തിക്കുന്നതിനും വേദികളിൽ കൂറ്റൻ സ്ക്രീനുകൾ അവതരിപ്പിക്കും.

ടെന്നീസ്, ബാസ്ക്കറ്റ് ബോൾ, ഹോക്കി, ബാഡ്മിന്റൺ, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ ജനപ്രീതിയാർജ്ജിച്ച മത്സരങ്ങൾ നടക്കുന്ന വേദികളിലെല്ലാം എൽ.സി.ഡി ടിവികൾ, ഇലക്ട്രോണിക് സ്കോർ ബോർഡുകൾ എന്നിവയും സജ്ജീകരിക്കും.

സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന ഒരു കായിക വിരുന്നു കൂടിയാകും 2015 ജനുവരി 31 മുതൽ രണ്ടാഴ്ച്ച കേരളത്തിലെ ഏഴു ജില്ലകളിലായി നടക്കുന്ന മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസ്.